**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3814** **09-10-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള സൗജന്യ ചികിത്സാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 18 വയസിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ? | (എ) | Type 1 Diabetic ബാധിച്ച 18 വയസിൽ താഴെയുള്ളകുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന സമഗ്ര പദ്ധതിയാണ് മിഠായി (ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി) പദ്ധതി.<br><br>പ്രസ്തുത പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീനലവും മറ്റു സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ ,കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.മിഠായി ക്ലിനിക് ഇല്ലാത്ത ജില്ലകളിൽ സാറ്റലൈറ്റ് സെന്ററുകളും നിലവിലുണ്ട്. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു. പദ്ധതിയുടെ മാനദണ്ഡം ചുവടെ ചേർക്കുന്നു.<br><br>• 18 വയസ്സിനു താഴെ പ്രായമുള്ളവരായിരിക്കണം പദ്ധതി ഗുണഭോക്താക്കൾ.<br>• അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ താഴെ ആയിരിക്കണം.<br>• അപേക്ഷകൻ/രക്ഷകർത്താവ് കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.<br>• ടൈപ്പ് 1 രോഗ നിർണയത്തെ കുറിച്ചും പദ്ധതിയുടെ കീഴിൽ ശിപാർശ ചെയ്യുന്ന ചികിത്സാരീതിയെക്കുറിച്ചും എംപാനൽഡ് ഡോക്ടർ (പദ്ധതിയിലെ തന്നെ നോഡൽ |

| | | | |
|---|---|---|---|
| | | | ഓഫീസർ) കുട്ടി/കൗമാരക്കാർക്ക് സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.<br>• ചികിത്സ ആരംഭിക്കുന്നതിനു മുൻപ് കുട്ടിയുടെ/ കൗമാരക്കാരുടെ മാതാപിതാക്കൾ ടി വിവരം അറിഞ്ഞുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.<br>• കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ റെസിഡൻഷ്യൽ ഡയബറ്റിക് ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് തയ്യാറായിരിക്കണം. |

സെക്ഷൻ ഓഫീസർ